എം.എസ്.എ റസാഖ്

# വിജയ നിദാനങ്ങൾ

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: سُئِلَ رَسُولُ اللهِ ﷺ عَنْ أَكْثَرِ مَا يُدْخِلُ النَّاسَ الْجَنَّةَ فَقَالَ: تَقْوَى اللهِ وَحُسْنُ الْخُلُقِ وَسُئِلَ عَنْ أَكْثَرِ مَا يُدْخِلُ النَّاسَ النَّارَ فَقَالَ: الْفَمُ وَالْفَرْجُ (رواه الترمذي–حسنه العلامة الالباني في صحيح الترغيب).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: പ്രവാചകനോട് ചോദിച്ചു: ''സ്വർഗപ്രവേശത്തിന് ഏറ്റവും കൂടുതൽ നിമിത്തമാകുന്നത് എന്താണ്?'' നബി (സ) പറഞ്ഞു: ''അല്ലാഹുവോടുള്ള ഭയഭക്തിയും സൽസ്വഭാവവും.'' ''നരകപ്രവേശത്തിന് ഏറ്റവും കൂടുതൽ നിമിത്തമാകുന്നതോ?'' നബി (സ) പറഞ്ഞു: ''വായയും ഗുഹ്യാവയവവും''

ഐഹികവും പാരത്രികവുമായ വിജയ പരാജയങ്ങൾക്കു നിദാനമായ രണ്ടു കാര്യങ്ങൾ പഠിപ്പിക്കുകയാണ് പ്രവാചകൻ. ഭയഭക്തി അല്ലാഹുവോടും സൽസ്വഭാവം സമസൃഷ്ടികളോടും ബന്ധപ്പെട്ടതാണ്. ജീവിതത്തിന്റെ സമസ്ത രംഗങ്ങളിലും പ്രത്യക്ഷമായും പരോക്ഷമായും അല്ലാഹുവെ ഭയപ്പെട്ട് സൂക്ഷ്മതയോടെ കഴിയുന്നതാണ് തഖ്‌വയിലധിഷ്ഠിതമായ ജീവിതം. 'പ്രതാപവാനായ അല്ലാഹുവിലുള്ള ഭയവും വിശുദ്ധ ഗ്രന്ഥമനുസരിച്ച പ്രവർത്തനവും ലഭ്യമായതിൽ സംതൃപ്തിയും അന്ത്യയാത്രക്ക് തയാറെടുക്കലുമാകുന്നു' തഖ്‌വയെന്ന് അലി (റ) പറയുകയുണ്ടായി. തഖ്‌വ സാക്ഷാത്കരിക്കുന്നതിനാണ് ആരാധനാകർമങ്ങൾ അനുഷ്ഠിക്കാൻ അല്ലാഹു ആവശ്യപ്പെട്ടിട്ടുള്ളത്. അല്ലാഹുവിന്റെ സ്നേഹവും സഹായവും ലഭിക്കാൻ തഖ്‌വ നിമിത്തമാകുന്നു. തഖ്‌വ ഹൃദയത്തെ പ്രകാശപൂരിതമാക്കും. തഖ്‌വയുടെ പ്രതിഫലം സ്വർഗമാണ്. പാപങ്ങൾ പൊറുക്കാനും ജീവിതവിഭവങ്ങളിൽ വിശാലത ലഭിക്കാനും ജീവിത പ്രശ്നങ്ങൾ ലളിതമാകാനും ദുഃഖം നീങ്ങാനും തഖ്‌വ കാരണമാകുന്നു. അത് വിശ്വാസികളെ അല്ലാഹുവുമായി ചേർത്തുനിർത്തുന്നു.

സ്വർഗപ്രവേശത്തിനു നിമിത്തമാകുന്ന രണ്ടാമത്തെ കാര്യമാണ് സൽസ്വഭാവം. സഹജീവികളോടുള്ള പെരുമാറ്റത്തിൽ ഉത്തമസ്വഭാവം മുറുകെപ്പിടിക്കുന്നത് ദൈവഭക്തിയുടെ പ്രതിഫലനമാകുന്നു. ജീവിതത്തിലുടനീളം മാനവിക മൂല്യങ്ങളും സംസ്കാരവും ഉയർത്തിപ്പിടിക്കുകയാണ് സൽസ്വഭാവം. നന്മയിലധിഷ്ഠിതമായ പെരുമാറ്റമാണത്. 'സത്യവിശ്വാസികളിൽ പരിപൂർണൻ അവരിൽ ഏറ്റവും നല്ല സ്വഭാവമുള്ളവനാകുന്നു'വെന്ന് നബി (സ) പഠിപ്പിക്കുകയുണ്ടായി. അവിടുന്ന് അരുളി: ''അന്ത്യദിനത്തിൽ സത്യവിശ്വാസിയുടെ തുലാസിൽ സൽസ്വഭാവത്തേക്കാൾ ഘനം തൂങ്ങുന്ന മറ്റൊന്നുമില്ല'' (തിർമിദി). സൽസ്വഭാവം കൊണ്ട് സദാ നമസ്കരിക്കുകയും വ്രതമനുഷ്ഠിക്കുകയും ചെയ്യുന്നവന്റെ പദവികളാർജിക്കാൻ സത്യവിശ്വാസിക്ക് കഴിയുന്നതാണ്.

മനുഷ്യരെ കൂടുതലായി നരകത്തിലെത്തിക്കാൻ കാരണമാകുന്നതാണ് നാവും ലൈംഗികാവയവവും. പാരത്രിക ലോകത്ത് കടുത്ത ശിക്ഷ ലഭിക്കാനും ഭൂമിയിൽ നികൃഷ്ടനായി മാറാനും ഇവ രണ്ടിന്റെയും തെറ്റായ ഉപയോഗം നിമിത്തമാകുന്നു. നല്ല വർത്തമാനം പറയുന്നതും ലൈംഗിക വിശുദ്ധി കാത്തുസൂക്ഷിക്കുന്നതും ജീവിത വിജയത്തിന് അത്യന്താപേക്ഷിതമാണ്. സകല തിന്മകളുടെയും മൂലകാരണം നാവിന്റെയും ഗുഹ്യാവയവത്തിന്റെയും ദുരുപയോഗമാണ്.

സംസാരത്തിലൂടെ ഏതൊരാളിന്റെയും വ്യക്തിത്വവും സംസ്കാരവും നിലവാരവും തിരിച്ചറിയാൻ കഴിയും. കളവ്, ഏഷണി, പരദൂഷണം, അശ്ലീലം എന്നിവ പറയലും വ്യർഥമായും ഔചിത്യബോധമില്ലാതെയും സംസാരിക്കലും, ജനങ്ങളുടെ ന്യൂനതകൾ പറഞ്ഞുപരത്തലുമെല്ലാം നാവിന്റെ തെറ്റായ ഉപയോഗത്തിൽ പെടുന്നു. നരകത്തിൽ മുഖം കുത്തി വീഴുന്നതിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കുക നാവിന്റെ, സംസാരത്തിന്റെ പ്രത്യാഘാതമായിരിക്കുമെന്ന് നബി (സ) പറയുകയുണ്ടായി. നല്ല വർത്തമാനം പറയാനായില്ലെങ്കിൽ മൗനം പാലിക്കണമെന്നാണ് പ്രവാചകന്റെ ഉപദേശം. അനാവശ്യ സംസാരത്തിൽ നിന്നൊഴിവായി നിന്നാൽ അല്ലാഹുവിന്റെ സ്നേഹവും മനുഷ്യരുടെ ഇഷ്ടവും കരസ്ഥമാക്കാൻ കഴിയും.

സദാചാരം നിലനിർത്തണമെന്നും ലൈംഗിക അച്ചടക്കം പാലിക്കണമെന്നും ഇസ്‌ലാം ശക്തമായ ഭാഷയിൽ ആവശ്യപ്പെടുന്നു. അത് വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെ തന്നെയും ആരോഗ്യകരമായ നിലനിൽപ്പിന് അനിവാര്യമാണ്. അതുകൊണ്ടാണ് വ്യഭിചാരവും സ്വവർഗരതിയും അന്യസ്ത്രീ പുരുഷ സമാഗമവും അനുബന്ധ ഘടകങ്ങളുമെല്ലാം ഇസ്‌ലാം നിരോധിച്ചത്. 'രണ്ട് താടിയെല്ലുകൾക്കിടയിലുള്ള അവയവവും (നാവ്) ഇരുകാലുകൾക്കിടയിലുള്ള അവയവവും (ലൈംഗികാവയവം) തെറ്റായ മാർഗത്തിൽ ഉപയോഗിക്കുകയില്ലെന്നു ഉറപ്പുനൽകുന്നവന് സ്വർഗം ഉറപ്പാണെ'ന്ന് നബി (സ) പറയുന്നു (ബുഖാരി, തിർമിദി). ഒരു ഗ്രാമത്തിൽ വ്യഭിചാരവും പലിശയും പ്രത്യക്ഷപ്പെടുമ്പോൾ അവർ അല്ലാഹുവിന്റെ ശിക്ഷയെ ക്ഷണിച്ചുവരുത്തുകയാണെന്ന് പ്രവാചകൻ അരുൾചെയ്തു (ത്വബ്റാനി, ഹാകിം). ജീവിത വിശുദ്ധിയും സദാചാരവും ഏതൊരു സമൂഹത്തിനും എക്കാലവും അനിവാര്യമാണ്. അത് ഇസ്‌ലാമിക സംസ്കാരത്തിന്റെ മുഖമുദ്രയുമാണ്. ●